89

# വിജയം അല്ലെങ്കിൽ വിപത്ത്?

**വായനാ ഭാഗം #39**

VII. യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച (തുടർച്ച).
   H. വെള്ളി: യേശുവിന്റെ മരണ ദിവസം (തുടർച്ച).
      8. യൂദായുടെ മരണം: ആത്മഹത്യ (മത്താ. 27:3–10; പ്രവൃത്തികൾ 1:18, 19).
      9. യേശുവിന്റെ മരണം: ക്രൂശിക്കൽ.
         a. ക്രൂശിലേക്കുള്ള യാത്ര (മത്താ. 27:31–34; മർക്കൊ. 15:20–22; ലൂക്കൊ. 23:26–33; യോഹ. 19:17).
         b. ക്രൂശിലെ ആദ്യ മൂന്നു മണിക്കൂർ (പരാമർശിച്ചു) (മത്താ. 27:35, 37–39; മർക്കൊ. 15:23–29; ലൂക്കൊ. 23:33, 38; യോഹ. 19:18–22).

**മുഖവുര**

"യേശു ചെയ്തതെല്ലാം വിശദമായി എഴുതിയാൽ ... എഴുതിയ പുസ്തകങ്ങൾ ലോകത്തിൽ തന്നേയും ഒതുങ്ങുകയില്ല" എന്ന് അപ്പൊസ്തലനായിരുന്ന യോഹന്നാൻ പറഞ്ഞു (യോഹന്നാൻ 21:25). അതുപോലെ ക്രിസ്തുവിന്റെ ജീവിതത്തിലെ ഒറ്റ സംഭവത്തിന്റെ എല്ലാ വശങ്ങളും വിശദമായി എഴുതിയാൽ പുസ്തകങ്ങൾ ലോകത്തിൽ ഒതുങ്ങുകയില്ല: അവന്റെ ക്രൂശിലെ മരണം. ആ ഏതാനും മണിക്കൂറുകളിൽ നടന്നതിനെ കുറിച്ച് എത്രയെത്ര പുസ്തകങ്ങൾ, ലേഖനങ്ങൾ, പാട്ടുപുസ്തകങ്ങൾ, പ്രസംഗങ്ങൾ, ചിത്രങ്ങൾ, ലഘുലേഖകൾ ആണ് രചിക്കപ്പെടുവാൻ പ്രചോദിതമായത്!

യേശുവിന്റെ ജീവിതത്തിൽ സംഭവിച്ചതെല്ലാം അവന്റെ ക്രൂശിലെ മരണത്തിലേക്കു വിരൽ ചൂണ്ടുന്നതാണെന്ന് അറിയുമ്പോൾ, ക്രൂശിന്റെ ഫലത്താൽ നമുക്ക് അതിശയിക്കുവാനില്ല (മത്തായി 1:21; ലൂക്കൊസ് 1:31; 2:30, 35[1]). അസംഖ്യം അവസരങ്ങളിൽ, അവൻ തന്റെ മരണത്തെ മുന്നറിയിച്ചിരുന്നു (മത്തായി 16:21; 17:22, 23; ലൂക്കൊസ് 18:31–33). വാസ്തവത്തിൽ അതു സംഭവിക്കുന്നതിന് മാസങ്ങൾക്ക് മുൻപ്, അവൻ "യെരുശലേമിലേക്ക് യാത്രയാവാൻ മനസ് ഉറപ്പിച്ചിരുന്നു" (ലൂക്കൊസ് 9:51; കെജെവി), അവിടെ വെച്ച് താൻ മരിക്കുമെന്ന് അവന് അറിയാമായിരുന്നു. ഗൊൽഗോഥയിലെ ക്രിസ്തുവിന്റെ ആറുമണിക്കൂറുകൾ (മർക്കൊസ് 15:25, 33, 34, 37) അവന്റെ ശുശ്രൂഷയെ ഉച്ചസ്ഥായിയിലെത്തിച്ചു.[2]

രണ്ടു–ഭാഗമുള്ള കഴിഞ്ഞ പാഠത്തിൽ, പിലാത്തൊസ് മടിയോടെയാണ് യെഹൂദന്മാരുടെ ആവശ്യത്തോട് യോജിച്ചതും യേശുവിനെ ക്രൂശിക്കുവാൻ കല്പിച്ചതും എന്നു നാം കണ്ടു. യേശുവിനെ വിചാരണ ചെയ്തുകൊണ്ടിരുന്നതിനിടയിൽ യൂദാ – യേശുവിനെ ഒറ്റിക്കൊടുത്തവൻ – കെട്ടിത്തൂങ്ങി ചത്തു. ഈ പാഠത്തിൽ ആ സംഭവത്തോടെ തുടങ്ങുകയും അതുമായി ബന്ധപ്പെട്ട് ക്രിസ്തുവിന്റെ ക്രൂശിലെ മറ്റുസംഭവങ്ങളെയും നോക്കും.ആ

സംഭവത്തിന്റെ പ്രാധാന്യം നിമിത്തം ഈ പാഠവും രണ്ടു-ഭാഗങ്ങളുള്ളതായി തീരുന്നു.[3]

ഈ അവതരണത്തിൽ, യേശുവിന്റെ മരണവും യൂദായുടെ മരണവും തമ്മിലുള്ള വ്യത്യാസം എടുത്തുകാണിക്കുന്നുണ്ട്. പല വ്യത്യാസങ്ങൾ കാണാവുന്നതാണ്. യൂദാ കെട്ടിത്തൂങ്ങിയാണ് മരിക്കുന്നത്; യേശു മറ്റുള്ളവരുടെ കൈകളാലാണ്. യൂദായെ അവന്റെ മനസാക്ഷിയാണ് കുറ്റപ്പെടുത്തിയത്, എന്നാൽ യേശുവിനെ കുറ്റപ്പെടുത്തിയത് യെഹൂദന്മാരും ശിക്ഷ വിധിച്ചതു പിലാത്തൊസും ആയിരുന്നു. എങ്ങനെയായാലും, നാം പ്രത്യേകിച്ച് കാണുന്നത്, യൂദായുടെ മരണം ഒരു വിപത്തായും, യേശുവിന്റെ മരണം ഒരു *വിജയവുമായിട്ടാണ്*: യൂദാ മരിച്ചത് മാനസാന്തരപ്പെടാത്ത സ്വയ-ഹത്യനടത്തുന്നവനായിട്ടായിരുന്നു, എന്നാൽ യേശു നിസ്തുലനായ ദൈവപുത്രനായിട്ടായിരുന്നു മരിച്ചത്. പ്രായോഗികത വരുത്തുമ്പോൾ, ഈ ചോദ്യം ചോദിക്കാറുണ്ട്: "നിങ്ങളുടെ മരണം ഒരു വിജയമായിരിക്കുമോ അതോ വിപത്ത് ആയിരിക്കുമോ?"

### വിപത്ത്
### (മത്താ. 27:3-10; പ്രവൃത്തികൾ 1:18, 19)

സംഭവപരമ്പരകളിൽ യൂദായുടെ ആത്മഹത്യയെ കുറിച്ചുള്ള വിവരണങ്ങൾ എവിടെ കൊള്ളിക്കണം എന്ന് നമുക്ക് അറിയില്ല. "മഹാപുരോഹിതന്മാരും മൂപ്പന്മാരും ... [യേശുവിനെ] നാടുവാഴിയായ പിലാത്തൊസിന് ഏല്പിച്ചുകൊടുത്ത" ഉടനെയായിട്ടാണ് മത്തായി 27 പറയുന്നത് (വാ. 1, 2) – ഇത് അപ്പോഴായിരിക്കാം സംഭവിച്ചത്. എങ്ങനെയായാലും, നോക്കുക, "യൂദാ മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരുടേയും മൂപ്പന്മാരുടേയും അടുക്കൽ മടക്കി കൊണ്ടു ചെന്നപ്പോൾ" "അവർ ന്യായാസനത്തിന് മുന്നിലായിരുന്നില്ല, ദൈവാലയത്തിന്റെ വിശുദ്ധസ്ഥലത്ത് ആയിരുന്നു." (വാ. 3, 5). ഒരുപക്ഷെ, യേശുവിനെ മരണത്തിന് ഏല്പിക്കുവാൻ പിലാത്തൊസ് സമ്മതിച്ചശേഷം, വേണ്ട ഏർപ്പാടുകളെല്ലാം ചെയ്ത്,[4] പ്രഭാത ജോലികൾക്കായി മഹാപുരോഹിതന്മാർ ദൈവാലയത്തിലേക്ക് പെട്ടെന്ന് പോയി കാണും – അവിടെ വെച്ച് അവർ യൂദായെ കാണുകയും ചെയ്തു.[5]

എങ്ങനെയായാലും, യേശുവിന്റെ വിചാരണക്കിടയിൽ ഒരു സമയത്ത്, "അവനെ ശിക്ഷക്കു വിധിച്ചു ... എന്നു യൂദാ കണ്ടു അനുതപിച്ചു" (വാ. 3). ക്രിസ്തുവിനെ ശിക്ഷക്കു വിധിച്ചപ്പോൾ യൂദാ അതിശയിച്ചു. യേശു നിരപരാധി ആയതുകൊണ്ട് (വാ. 4), അവനെ പിടിച്ചാലും ഒന്നും ചെയ്യുകയില്ല എന്ന് ഒരുപക്ഷെ യൂദാ വിചാരിച്ചുകാണും – അതേസമയം താൻ മുപ്പതു വെള്ളിക്കാശിന്റെ ധനവാനാകയും ചെയ്തു.[6] എങ്ങനെയായാലും, യേശു മരിക്കുമെന്ന് തീർച്ചയായപ്പോൾ അവന്റെ മനസാക്ഷി അവനെ കുറ്റപ്പെടുത്തുവാൻ തുടങ്ങി.

യൂദാ തന്നെ ജോലിക്കാക്കിയവരെ ദൈവാലയത്തിൽ കണ്ടു യേശുവിനെ ഒറ്റിക്കൊടുത്തു കിട്ടിയ പണം മടക്കിക്കൊടുപ്പാനായി ശ്രമിച്ചു (വാ. 3) – എന്നാൽ അവർ അതു സ്വീകരിച്ചില്ല.[7] അവൻ പറഞ്ഞു, "ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തു" (വാ. 4). അല്പം അവജ്ഞയോടെ അവർ പറഞ്ഞു, "അതിന് ഞങ്ങൾക്കെന്ത്? നീ തന്നെ നോക്കിക്കൊൾക!" (വാ. 4). ഒറ്റിക്കൊടുപ്പുകാരെ പിന്നീട് അവരെ ആ ജോലിക്ക് ആക്കിയവർ

പോലും പുഛരത്തോടെയാണ് കാണുന്നത്.

തിരിച്ചടിയേറ്റ്, കല്ല്പോലെയുള്ള ഹൃദയവുമായി, യൂദാ ആ പണം തണുത്ത തറയിൽ എറിഞ്ഞിട്ട് "പൊയ്ക്കളഞ്ഞു" (വാ. 5) – പക്ഷെ എവിടേക്കാണ് അവൻ പോയത്? യെഹൂദപ്രമാണിമാർ അവനെ നിഷേധിച്ചു, അവന് മറ്റ് അപ്പൊസ്തലന്മാരെ അഭിമുഖീകരിപ്പാനും കഴിഞ്ഞില്ല. എന്റെ മനസിൽ, യൂദാ ഇടറിപ്പോയി, യെരുശലേമിൽനിന്ന് തെക്കോട്ടുള്ള വീഥികളിൽ കൂടെ പെരുന്നാളിനു വന്ന പുരുഷാരത്തെ തള്ളിമാറ്റി, കാഴ്ച്ചയില്ലാത്ത കണ്ണുകളുമായി, യെരുശലേം നഗരവാതിൽ കടന്ന് കുശവന്റെ നിലത്തിലെത്തുവോളം അവൻ നടന്നു കാണും.[8] അവിടെ അവൻ "കെട്ടി ഞാന്നു ചത്തു കളഞ്ഞു" (വാ. 5).

യൂദാ പോയശേഷം, ആ മുപ്പതു വെള്ളിക്കാശ് എന്തു ചെയ്യണമെന്ന് മഹാപുരോഹിതന്മാർ ചർച്ച ചെയ്തു. അവർ പറഞ്ഞു, "ഇതു രക്തവില ആകയാൽ ശ്രീഭണ്ഡാരത്തിലിടുന്നത് വിഹിതമല്ല" (വാ. 6). അതിനെ സംബന്ധിച്ച് പഴയനിയമം ഒന്നും പറയുന്നില്ല, അതുകൊണ്ട് അവർ മനുഷ്യ–നിർമ്മിത നിയമം അതിനായി കണ്ടെത്തിയിരിക്കാം. അവരുടെ വൈമനസ്യത്തെ കുറിച്ച് ജെ. ഡബ്ലിയു. മെക്ഗാർവേ ഇങ്ങനെ പറഞ്ഞു:

> അസാധാരണമായ ഒരു മനസാക്ഷിക്ക് മാത്രമെ കർത്താവിന്റെ പണം എടുക്കുവാൻ കഴിയു ... അതെടുത്ത് രക്തത്തിന് വേണ്ടി ചെലവിടുവാനും. എന്നാൽ അത് അങ്ങനെ ചെലവഴിച്ചിട്ട് പിന്നെ തിരികെ അതിലിടുവാൻ കഴിഞ്ഞില്ല! അതിലുപരി, അവരുടേത് അസാധാരണമായ സമ്മതമായിരുന്നു. വാസ്തവത്തിലുള്ള ഒരു കുറ്റവാളിക്കു വേണ്ടിയായിരുന്നു അവർ യൂദാക്ക് പണം കൊടുത്തിരുന്നതെങ്കിൽ, അത് നീതിയുള്ള പണമായിരുന്നു, രക്തവില ആകുമായിരുന്നില്ല.[9]

ആ പണം കൊണ്ട് "കുശവന്റെ നിലം" വാങ്ങുവാനാണ് ആ ഉദ്യോഗസ്ഥർ തീരുമാനിച്ചത് (വാ. 7). കുശവൻ പാത്രമുണ്ടാക്കുവാനുള്ള മണ്ണ് അവിടെനിന്നും എടുത്തുകൊണ്ടിരുന്നതുകൊണ്ടാകാം അതിന് "കുശവന്റെ നിലം" എന്ന് വിളിച്ചിരുന്നത്.[10] അത്തരം നിലം കൃഷിക്ക് പറ്റിയതല്ലായ്കകൊണ്ട്, അത് ന്യായമായ വിലക്ക് കിട്ടിക്കാണും. "പരദേശികളെ കുഴിച്ചിടുന്നതിനു വേണ്ടിയാണ്" പ്രമാണിമാർ ആ സ്ഥലം വാങ്ങിയത് (വാ. 7).[11] യെഹൂദർ–അല്ലാത്തവർ യെരുശലേം സന്ദർശിക്കുന്നവരായിരിക്കാം "പരദേശികൾ" യെഹൂദകല്ലറകളിൽ ജാതികളുടെ മൃതശരീരം സ്വാഗതം ചെയ്യാറില്ല.

മത്തായി ദൈവശ്വാസിയമായ ഈ പരാമർശം ചേർത്തിരിക്കുന്നു: "ആകയാൽ ആ നിലത്തിന്ന് ഇന്നു വരെ രക്തനിലം എന്നു പേർ പറയുന്നു" (വാ. 8). അതായത്, ആ നിലത്തെ "രക്തനിലം" എന്നു വിളിക്കുവാൻ കാരണം, അതു "രക്തവില" കൊടുത്തു വാങ്ങിയതാണ് (വാ. 6). "ഇന്നു വരെ" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് ആ സംഭവം കഴിഞ്ഞ് മത്തായി ഇതു രേഖപ്പെടുത്തുന്നതിനിടക്ക് കുറെ സമയം കഴിഞ്ഞിരിക്കാം എന്നാണ് (ഒരുപക്ഷെ ഏതാണ്ട് മുപ്പതു വർഷം കഴിഞ്ഞു കാണും[12]).

അവന്റെ പതിവ് അനുസരിച്ച്,[13] അതൊരു പ്രവചനനിവർത്തീകരണമായി മത്തായി ശ്രദ്ധിച്ചു:

> യിസ്രായേൽമക്കൾ വിലമതിച്ചവന്റെ വിലയായ: "മുപ്പതു വെള്ളിക്കാശ് അവർ എടുത്തു. കർത്താവ് എന്നോട് അരുളിച്ചെയ്തതുപോലെ കുശവന്റെ നിലത്തിന് വേണ്ടി കൊടുത്തു എന്നു യിരെമ്യാപ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതിന്ന് അന്ന് നിവൃത്തിവന്നു" (വാ. 9, 10).

വാക്യങ്ങൾ 9ലേയും 10ലേയും വാക്കുകൾ യിരെമ്യാവിന്റെ പുസ്തകത്തിലില്ല, എന്നാൽ അതുപോലെയുള്ള വാക്കുകൾ സെഖര്യാവിന്റെ പുസ്തകത്തിലുണ്ട് (സെഖര്യാവ് 11:12, 13). ഈ സ്പഷ്ടമായ ക്രമമില്ലായ്മയെ കുറിച്ച് പല വിശദീകരണങ്ങളും നൽകപ്പെട്ടിട്ടുണ്ട്. യിരെമ്യാവ് *സംസാരിച്ചതു* പിന്നീട് സെഖര്യാവ് എഴുതിയതാവാം.[14] ദൈവശ്വാസീയമായി സെഖര്യാവ് യിരെമ്യാവിന്റെ വാക്കുകളായ കുശവനെ കുറിച്ചും (യിരെമ്യാവ് 18:1–6; 19:1–13) നിലം വാങ്ങുന്നതിനെ കുറിച്ചും പറഞ്ഞതിൽ സ്വാധീനിക്കപ്പെട്ടു കാണാം (യിരെമ്യാവ് 32:9).[15]

യൂദായുടെ മരണത്തെ കുറിച്ച് മത്തായിയുടെ സുവിശേഷ വിവരണത്തിൽ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്; എന്നാൽ ലൂക്കൊസ് പ്രവൃത്തികളുടെ പുസ്തകത്തിൽ യൂദാക്ക് പകരം ആളെ എടുക്കുന്നതുമായി ബന്ധപ്പെട്ട് അതു പിന്നീട് പറയുന്നുണ്ട്:

> "… യൂദാ … യേശുവിനെ പിടിച്ചവർക്ക് വഴികാട്ടിയായിതീർന്നു …" (അവൻ അനീതിയുടെ കൂലികൊണ്ട് ഒരു നിലം മേടിച്ചു തലകീഴായി വീണു നടുവേ പിളർന്നുഅവന്റെ കുടലെല്ലാം തുറിച്ചുപോയി. അതു യെരുശലേമിൽ പാർക്കുന്ന എല്ലാവരും അറിഞ്ഞതാകകൊണ്ട്, ആ നിലത്തിന്, രക്തനിലം എന്നർത്ഥമുള്ള അക്കൽദാമ എന്ന് പേർ ആയി) (പ്രവൃത്തികൾ 1:16–19).

വിമർശകർ അവിടെ പിടിച്ചു രണ്ടു വിവരണങ്ങളും തമ്മിൽ വ്യത്യാസമുണ്ട് എന്നു പറയുന്നുണ്ട്: (1) മത്തായി പറയുന്നത് മഹാപുരോഹിതന്മാർ ആ സ്ഥലം മേടിച്ചു എന്നാണ് (മത്തായി 27:7), എന്നാൽ ലൂക്കൊസ് പറയുന്നത് യൂദാ മേടിച്ചു എന്നാണ് (പ്രവൃത്തികൾ 1:18). (2) മത്തായി പറയുന്നത് യൂദാ കെട്ടിത്തൂങ്ങി ചത്തു എന്നാണ് (മത്തായി 27:5), എന്നാൽ ലൂക്കൊസ് പറയുന്നത് യൂദാ "തലകീഴായി വീണു" ചത്തു എന്നാണ് (പ്രവൃത്തികൾ 1:18). (3) രക്തവില കൊടുത്തു വാങ്ങിയതുകൊണ്ട് ആ നിലത്തിന് "രക്തനിലം" എന്നു പേരായി എന്നാണ് മത്തായി പറഞ്ഞിരിക്കുന്നത് (മത്തായി 27:6, 8), എന്നാൽ യൂദായുടെ രക്തം അതിൽ വീണതുകൊണ്ട് അതിന് ആ പേരുണ്ടായി എന്നാണ് ലൂക്കൊസ് സൂചിപ്പിച്ചത് (പ്രവൃത്തികൾ 1:18, 19). എങ്ങനെയായാലും, രണ്ടു വിവരണങ്ങളും യോജിപ്പിക്കുന്നത് പ്രയാസമുള്ള കാര്യമല്ല:

- യൂദായുടെ പണം കൊണ്ട് മഹാപുരോഹിതന്മാർ നിലം വാങ്ങിയതുകൊണ്ട്, സാങ്കേതികമായി വാങ്ങൽ അവന്റേതും നിലം അവന്റേതുമാണ്.
- കുശവന്റെ നിലത്തിലുള്ള ഒരു വൃക്ഷത്തിന്മേലായിരിക്കാം യൂദാ കെട്ടിത്തൂങ്ങിയത്, ഒരു മൃതശരീരത്തെ സ്പർശിച്ചാൽ യെഹൂദൻ അശുദ്ധനാകുമെന്നതുകൊണ്ട്, ആരും തൊടുകയില്ല (പ്രത്യേകിച്ച്

പെരുന്നാൾ കാലയളവിൽ). കുറെ സമയത്തേക്ക്, യൂദായെ ആരും തിരിഞ്ഞ് നോക്കാതിരുന്നതുകൊണ്ട്, ശരീരം വീർത്ത് പൊട്ടി നിലത്തു വീണു കിടന്നിരിക്കാം.[16]

- "രക്തനിലം" എന്ന് ആ നിലത്തെ വിളിക്കുവാൻ രണ്ടു കാരണങ്ങളാണുള്ളത്. മത്തായി അവയിൽ ഒന്നും മറ്റൊന്ന് ലൂക്കൊസും നൽകി.

കൂടാതെ രണ്ടു വിവരണങ്ങളുടേയും ഊന്നൽ യൂദായുടെ മരണം *വിപത്തായിരുന്നു* എന്നതിനാണ്. യേശു പറഞ്ഞു, "... മനുഷ്യപുത്രനെ കാണിച്ചുകൊടുക്കുന്ന മനുഷ്യന്നോ ഹാ കഷ്ടം! ആ മനുഷ്യൻ ജനിക്കാതിരുന്നു എങ്കിൽ അവന്നു കൊള്ളായിരുന്നു" (മത്തായി 26:24). ദൈവത്തോടുള്ള പ്രാർത്ഥനയിൽ ക്രിസ്തു യൂദായെ കുറിച്ച് പറഞ്ഞത് "നാശയോഗ്യൻ" എന്നാണ് (യോഹന്നാൻ 17:12) – അതായത്, "നശിക്കാൻ പിറന്നവൻ" (എൻ ഐവി). "താൻ സ്വന്തസ്ഥലത്തേക്ക് പോകുവാൻ തന്റെ അപ്പൊസ്തലത്വം ഒഴിഞ്ഞു പോയി" എന്ന് പത്രൊസ് പിന്നീട് പറഞ്ഞു (പ്രവൃത്തികൾ 1:25). അവന്റെ ശക്തി നന്മക്കുവേണ്ടി ഉപയോഗിക്കുന്നതിനാണ് കർത്താവ് അവനെ തെരഞ്ഞെടുത്തത്.[17] എന്നാൽ യൂദാ തന്റെ അവസരങ്ങൾ പാഴാക്കുകയും, സ്വയം–വിശ്വാസ ഘാതകനായി മരണം വരിക്കുകയുമായിരുന്നു.

യൂദാ സ്വയമായി ജീവനൊടുക്കിയില്ലായിരുന്നുവെങ്കിലോ? യേശു അവനെ സ്വീകരിക്കുമായിരുന്നു എന്നാണ് ഞാൻ വിശ്വസിക്കുന്നത് –[18] അവനെ തള്ളിപ്പറഞ്ഞിട്ടും പത്രൊസ് മാനസാന്തരപ്പെട്ടതുകൊണ്ട്, അവനെ സ്വീകരിച്ചതുപോലെ. എന്തുകൊണ്ട് യൂദാ ദൈവത്തിന്റെ കരുണക്കായി യാചിച്ചില്ല? ഉത്തരം ഗ്രീക്ക് വാക്ക് തർജിമ ചെയ്ത മത്തായി 27:3 ലെ "ഫെൽട്ട് റിമോഴ്സ്" എന്നതിലുണ്ട്."പിന്നെ യേശുവിനെ മരണത്തിന് വിധിച്ചു എന്ന് യൂദാ കണ്ടപ്പോൾ, അവന് അനുതാപം തോന്നി ...." കെജെവിയും ആർഎസ്വിയും പറയുന്നത് യൂദാ "മാനസാന്തരപ്പെട്ടു" എന്നാണ്. "മാനസാന്തരപ്പെട്ടു" എന്നതിനുള്ള സാധാരണ ഗ്രീക്ക് വാക്ക് അല്ല അവിടെ ഉപയോഗിച്ചിരിക്കുന്നത്. "മാനസാന്തരം" എന്നതിനുള്ള ഗ്രീക്ക് വാക്ക് *മെറ്റാനോ* എന്നാണ്, അതു മനസിന്റെ മാറ്റത്തെ സൂചിപ്പിക്കുന്നതാണ്.[19] ഒരു മനുഷ്യന് അതുപയോഗിക്കുമ്പോൾ, പൊതുവിൽ പ്രാധാന്യമുള്ള ഹൃദയമാറ്റത്തെയാണ് സൂചിപ്പിക്കുന്നത്. എങ്ങനെയായാലും, മത്തായി 27:3–ൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് മെറ്റാമെലോമായി എന്നാണ്, കഴിഞ്ഞ തെറ്റിനെ കുറിച്ചുള്ള വിചാരമാണ് അതിലടങ്ങിയിരിക്കുന്നത്,[20] അത് ഹൃദയംഗമമായ മാനസാന്തരത്തിൽനിന്നു കുറവുള്ളതാണ്.[21] എൻഎഎസ്ബി തർജിമ ചെയ്തിരിക്കുന്ന വാക്ക് ''ഫെൽട്ട് റിമോഴ്സ്'' എന്നാണ്. മെക്കോർഡിന്റെ തർജിമയിൽ "ഫിൽഡ് വിത്ത് റിഗ്രെറ്റ്" എന്നാണ്.[22] എൻസിവിയിൽ "വാസ് വെരി സോറി" എന്നാണ്. ആ വാക്കിനെ ഏബി വിപുലീകരിച്ച് ഇങ്ങനെ പറയുന്നു:

> അവനെ യേശുവിനെ ഒറ്റിക്കൊടുത്തവൻ, അവനെ മരണത്തിനു വിധിച്ചു എന്ന് കണ്ട്, [യൂദായുടെ ഉള്ളം, ചെയ്ത തെറ്റിനെ കുറിച്ച് ഓർത്തു കലങ്ങുകയും, പിന്നെ] അനുതപിച്ച്, [അനന്തരഫലത്തെ കുറിച്ച് സ്വാർത്ഥ ഭയത്തോടുകൂടി] അവൻ ആ മുപ്പതു വെള്ളിക്കാശ് മടക്കി കൊണ്ടുവന്നു ...[23]

യൂദായുടെ മനസാക്ഷി അവനെ കുറ്റപ്പെടുത്തിയെങ്കിലും, അവന് മാറ്റ മുണ്ടായില്ല. അവന്റെ ഉള്ളത്തിൽ ദുഃഖം നിറഞ്ഞിരുന്നു, പക്ഷെ മാനസാന്ത രപ്പെട്ടില്ല. അവന്റെ വിശ്വാസം നഷ്ടപ്പെടുത്തി, ഹൃദയം കഠിനപ്പെട്ടതുകൊണ്ട് പ്രത്യാശയുമില്ലെന്നു തോന്നി. കലങ്ങി മറിഞ്ഞ അവന്റെ മനസിൽ മരണമ ല്ലാതെ മറ്റൊന്നും തെളിഞ്ഞില്ല.[24] യൂദായുടെ ആത്മഹത്യയോടുകൂടി പാഴായ ഒരു ജന്മം അവസാനിച്ചു.

### വിജയം (മത്താ. 27:31-35, 37-39;
### മർക്കൊ. 15:20-29; ലൂക്കൊ. 23:26-33, 38; യോഹ. 19:17-22)

യൂദായിൽനിന്ന് നമുക്ക് യേശുവിന്റെ സംഭവത്തിലേക്ക് തിരിയുവാൻ സമയമായി. പ്രസ്താവ്യം നാം വിട്ടുപോയപ്പോൾ, അവനെ ക്രൂശിൽ തറെ ക്കുവാനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കയായിരുന്നു: നിർദ്ദേശങ്ങൾ നല്കേണ്ടിയിരുന്നു, ശിക്ഷ നടപ്പാക്കേണ്ട പടയാളികളെ ചുമതലപ്പെടുത്ത ണം (യോഹന്നാൻ 19:23; മത്തായി 27:54), ഒഴിച്ചുകൂടാനാവാത്ത പേപ്പർ വർക്കുകളും പൂർത്തിയാക്കേണ്ടിയിരുന്നു[25] (മത്തായി 27:37). ഏതാണ്ട് രാവിലെ 9.00 മണി ആയപ്പോഴേക്ക്,[26] എല്ലാം തയ്യാറാകുകയും പ്രദക്ഷിണം വടക്കോട്ട് നീങ്ങുകയും ചെയ്തു.[27]

**പ്രദക്ഷിണം**

ചാർജുണ്ടായിരുന്ന ശതാധിപതി (മത്തായി 27:54), ആയിരിക്കാം സംഘത്തെ നയിച്ചത്. പിന്നിൽ അവനെ മരണത്തിന് ഏല്പിച്ചുകൊടുത്ത വരും:യേശുവും രണ്ടു കള്ളന്മാരും (ലൂക്കൊസ് 23:32), അവരുടെ പുറ കിൽ ആണി അടിക്കേണ്ട പടയാളികൾ. ഏറ്റവും പുറകിൽ ആ കുഴപ്പത്തിൽ ആകൃഷ്ടരായ ഒരു കൂട്ടം പേർ. ആകാഷയോടെ ഓടി കൂടിയവർ വേറെ യും, എന്നാൽ ചില സ്ത്രീകൾ കരഞ്ഞു (ലൂക്കൊസ് 23:27).

പതിവെന്നപോലെ, യേശു "തന്റെ ക്രൂശ് ചുമന്നുകൊണ്ടാണ്" പോയത് (യോഹന്നാൻ 19:17). ക്രൂശിന്റെ മൊത്തം ഭാരം ഏതാണ്ട് 300 പൗണ്ട് (136 കിലോ) വരുന്നതുകൊണ്ട് ഒരുപക്ഷെ "ക്രോസായി വെക്കുന്നതടിയായി രിക്കാം" ചുമന്നത്, അതിന് 75 മുതൽ 125 പൗണ്ട് (34 മുതൽ 57 കിലോ) തൂക്കം വരും.[28] യേശുവിന് ആ യാത്ര മുഴുവൻ അതു ചുമക്കുവാൻ കഴി ഞ്ഞില്ല. ഉറക്കമില്ലാത്ത രാത്രിക്കു ശേഷം, നിരന്തര നിന്ദക്കും, റോമൻ ചാട്ട വാറടിക്കും ശേഷം അവൻ വാടി തളർന്നു കാണും.[29] പടയാളികൾക്ക് പക രക്കാരനെ കണ്ടെത്തേണ്ടി വന്നു: "(അലക്സന്തരിന്റേയും രൂഫൊസിന്റേയും അപ്പനായി) വയലിൽ നിന്നു വരുന്ന കുറേനക്കാരനായ ശിമോനെ അവന്റെ ക്രൂശ് ചുമപ്പാൻ അവർ നിർബ്ബന്ധിച്ചു" (മർക്കൊസ് 15:21).

ഉത്തര മദ്ധ്യ ആഫ്രിക്കയിലെ കുറേനെക്കെ ജില്ലയുടെ മുഖ്യ തലസ്ഥാ നമായിരുന്നു കുറേനേ (ഇപ്പോഴത്തെ ലിബിയ). കുറേനക്കാരായ യെഹൂദ ന്മാർക്ക് യെരുശലേമിൽ പള്ളിയുണ്ടായിരുന്നു (പ്രവൃത്തികൾ 6:9). പടയാ ളികൾ ശിമോനെ പിടിച്ചത് ഒരുപക്ഷെ അവൻ പ്രഭാതത്തിൽ പള്ളിയിൽ പ്രാർത്ഥിപ്പാൻ പോകുമ്പോഴായിരുന്നേക്കാം.[30] അവന് എന്തു ഞെട്ടൽ അനു ഭവപ്പെട്ടുകാണും!

ശിമോന്റെ രണ്ടു മക്കളുടെ പേർ മർക്കൊസ് പറയുവാൻ കാരണം അവരെ തന്റെ വായനക്കാർ തിരിച്ചറിയേണ്ടതിനാണെന്ന് വ്യക്തം. ആ

രൂഫൊസ് ആയിരിക്കാം പൗലൊസ് റോമർ 16:13–ൽ പറഞ്ഞിരിക്കുന്നത്. കുറേനയിലെ യെഹൂദന്മാർ ഒരുപക്ഷെ പെന്തെകൊസ്തുനാളിൽ പരിവർത്തനം ചെയ്യപ്പെട്ടിരിക്കാം (പ്രവൃത്തികൾ 2:10, 37, 41). പിന്നീട് കുറേനക്കാർ യേശുവിനെ കുറിച്ചുള്ള സുവിശേഷം വ്യാപിപ്പിക്കയുണ്ടായി (പ്രവൃത്തികൾ 11:20).

തടി ക്രിസ്തുവിന്റെ ചുമലിൽനിന്ന് ശിമോന്റെ ചുമലിലേക്ക് മാറ്റിയ ശേഷം പ്രദക്ഷിണം മുൻപോട്ട് നീങ്ങി (ലൂക്കൊസ് 23:26).[31] ഇടുങ്ങിയ യെരുശലേം വീഥികളിലൂടെ ജനക്കൂട്ടം മന്ദഗതിയിലായിരിക്കും നീങ്ങിയിരിക്കുക. പെരുന്നാളിന് വന്ന പുരുഷാരം അനവധിയായിരുന്നു. ഒരു സമയത്ത് – ഒരുപക്ഷെ ജനക്കൂട്ടം അല്പം ഒന്ന് നിന്നപ്പോഴായിരിക്കാം കരഞ്ഞുകൊണ്ടിരുന്ന സ്ത്രീകളോട് – യേശുവിന് സംസാരിക്കുവാൻ ശക്തി ലഭിച്ചു:

> "യെരുശലേം പുത്രിമാരേ,[32] എന്നെ ചൊല്ലി കരയേണ്ട, നിങ്ങളേയും നിങ്ങളുടെ മക്കളേയും ചൊല്ലി കരവിൻ. മച്ചികളും പ്രസവിക്കാത്ത ഉദരങ്ങളും കുടിപ്പിക്കാത്ത മുലകളും ഭാഗ്യമുള്ളവ എന്നു പറയുന്ന കാലം വരുന്നു. അന്നു മലകളോട് ഞങ്ങളുടെ മേൽ വീഴുവിൻ എന്നും കുന്നുകളോട് ഞങ്ങളെ മൂടുവിൻ എന്നും പറഞ്ഞുതുടങ്ങും. പച്ചമരത്തോട് ഇങ്ങനെ ചെയ്താൽ ഉണങ്ങിയതിന് എന്തു ഭവിക്കും എന്നു പറഞ്ഞു?" (ലൂക്കൊസ് 23:28–31).

യേശുവിന്റെ വാക്കുകൾ സൂചിപ്പിച്ചത് വരുവാനുള്ള ഉപരോധത്തെയും അവസാനം യെരുശലേമിന്റെ നാശത്തെയും ആയിരുന്നു (ഏ. ഡി. 66–70). ആ നശീകരണ സംഭവങ്ങൾ കുട്ടികളുള്ളവർക്ക് അതി കഠിനമായിരിക്കും.[33] വാക്യം 30 ഹോശേയ 10:8 ഉദ്ധരിച്ചതാണ്, നിരാശയിലായ ആളുകൾ ഏതെങ്കിലും വിധത്തിലുള്ള സംരക്ഷണത്തിനു വേണ്ടിയുള്ള കരച്ചിലായിരുന്നു അത്.

ക്രിസ്തുവിന്റെ പ്രസ്താവനയിലെ അവസാന വാചകത്തിൽ അടങ്ങിയിരിക്കുന്നത്, റോമാക്കാർ "പച്ചമരത്തോട്" [യേശു] ഇങ്ങനെ ചെയ്തു എങ്കിൽ, "ഉണങ്ങിയ" [മരത്തോട്] (യെരുശലേം) എന്തു ചെയ്യുമെന്ന് ഊഹിക്കാവുന്നതേയുള്ളു എന്നാണ്. അതിനെ മറ്റൊരു രീതിയിൽ ചിന്തിക്കുക:റോമാക്കാരോടും *നിരപരാധി* ആയിരുന്ന യേശുവിനോട് അവർ അങ്ങനെ ചെയ്തു എങ്കിൽ, മൽസരത്തിൽ വാസ്തവത്തിൽ കുറ്റക്കാരായ യെരുശലേം നിവാസികളോട് എത്ര ഭയങ്കരമായി പ്രവർത്തിക്കുമെന്നു ഊഹിക്കാം (60 കളിലെ സ്ഥിതി അതായിരുന്നു). ക്രിസ്തുവിന്റെ സാമ്യം വ്യക്തമാക്കുന്നത് പച്ചമരം ജീവനുള്ളതും ഉണങ്ങിയ മരം ജീവനില്ലാത്തതുമാണ്: അവൻ ആത്മിയമായി ജീവിക്കുന്നവനായിരുന്നു, എന്നാൽ – എല്ലാ പ്രായോഗികതലത്തിലും യെരുശലേം മരിച്ചിരിക്കുകയായിരുന്നു.[34]

**ഉദ്ദിഷ്ടസ്ഥാനം**

വീഥികളിലെ ജനക്കൂട്ടം നിമിത്തം അല്പം നിൽക്കേണ്ടിവന്നാലും, ഉടനെ പ്രദക്ഷിണം അതിന്റെ വഴിക്ക് നീങ്ങിക്കാണും. ക്രൂശിക്കലിനായി വേർതിരിച്ചിരിക്കുന്ന സ്ഥലമായിരുന്നു അവരുടെ ഉദ്ദിഷ്ടസ്ഥാനം:"തലയോടിടം" എന്നു വിളിക്കുന്ന സ്ഥലത്തിന് എബ്രായ ഭാഷയിൽ "ഗൊൽഗോഥാ" എന്നാണ് (യോഹന്നാൻ 19:17; മത്തായി 27:33; മർക്കൊസ് 15:22; ലൂക്കൊസ് 23:33

നോക്കുക). ലാറ്റിനിൽ അതിനെ "കാൽവരി" എന്നാണ് അറിയപ്പെടുന്നത് (ലൂക്കൊസ് 23:33 നോക്കുക; കെജെവി).[36]

"നഗരവാതിലിന് പുറത്തായിരുന്നു" ഗൊൽഗോഥാ (എബ്രായർ 13:12) നഗരത്തിന് അടുത്ത് (യോഹന്നാൻ 19:20) അതിനോട് ചേർന്ന് നന്നായി–സഞ്ചരിച്ച ഒരു റോഡുണ്ടായിരുന്നു (മത്തായി 27:39; മർക്കൊസ് 15:29). വടക്കുഭാഗത്തു നിന്നു യെരുശലേമിലേക്ക് പ്രവേശിക്കാവുന്ന വടക്കു ഭാഗത്തായിരുന്നു ആ സ്ഥലമെന്നാണ് പലരും വിശ്വസിക്കുന്നത്. അതു പ്രമുഖമായ ഒരു സ്ഥലമായിരുന്നു, ഒരുപക്ഷെ ഉയർന്നതായിരിക്കുവാനും ഇടയുണ്ട്. കാരണം റോമാക്കാർ ക്രൂശിൽ തറെക്കുന്നതു അനുസരണക്കേട് കാണിക്കുന്നവർക്ക് എല്ലാം അതു ഒരു പാഠമായി കാണിക്കുവാൻ ഉദ്ദേശിച്ചിരുന്നു. അവിടെ ഏതാണ്ട് മൂന്ന് സ്ഥിരമായ തൂണുകൾ അടുത്ത ഇരകൾക്കായി സ്ഥാപിച്ചിരുന്നു.[37]

ഗൊൽഗോഥക്കായി, വർഷങ്ങളോളം രണ്ടു സ്ഥാനങ്ങൾ നിർദ്ദേശിക്കപ്പെട്ടിരുന്നു. പാരമ്പര്യസ്ഥലം, നാലാം നൂറ്റാണ്ടിൽ പണിതീർത്ത "ദ ചർച്ച് ഓഫ് ദ ഹോളി സെപൾക്കർ" നിന്നതാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ, ചാൾസ് ഗോർഡൻ "ഗോർഡൻസ് കാൽവരി"[38] (അല്ലെങ്കിൽ "ദ ഗ്രീൻ ഹിൽ") എന്നറിയപ്പെടുന്ന മറ്റൊരു സ്ഥാന നിർണ്ണയം ദമസ്ക്കൊസ് വാതിലിന്റെ വടക്കുകിഴക്കായി കാൽ മൈൽ അകലെ നിർദ്ദേശിക്കയുണ്ടായി.[39] ആ സ്ഥാനം എവിടെയായിരുന്നാലും, അതിനെ എന്തുകൊണ്ടാണ് "തലയോടിടം" എന്നു വിളിക്കുവാൻ കാരണം എന്ന് നമുക്ക് അറിയില്ല. ചിലർ കരുതുന്നത് ഗോർഡൻസ് കാൽവരി തലയോട്ടിയുടെ ആകൃതിയിൽ പാറ പോലെയുള്ള സ്ഥലമായിരുന്നു അത് എന്നാണ്, അവിടെ മരണം നടക്കുന്നതുകൊണ്ട് ആ പേർ പിന്നീട് നല്കിയതുമാകാം.

**ക്രൂശിക്കൽ**

പ്രദക്ഷിണം അവസാനം ഉദ്ദിഷ്ടസ്ഥാനത്തെത്തി. തടവുകാരുടെ വസ്ത്രം നീക്കം ചെയ്യുമായിരുന്നു.[40] ചവർപ്പുള്ള മയക്കുന്നതും തരിപ്പിക്കുന്നതുമായ വീഞ്ഞു പാനിയം അവർക്ക് കുടിപ്പാൻ കൊടുത്തിരുന്നു (മത്തായി 27:34; മർക്കൊസ് 15:23).[41] ആ വേദനസംഹാരി, യേശു രുചിച്ച് നോക്കിയിട്ട് നിരസിച്ചു (മത്തായി 27:34). താൻ കഷ്ടതയുടെ പാനപാത്രം കുടിക്കുമ്പോൾ, തന്റെ ഇന്ദ്രിയങ്ങളെ മന്ദീഭവിപ്പിക്കുവാൻ അവൻ ആഗ്രഹിച്ചില്ല (യോഹന്നാൻ 18:11 നോക്കുക).

പിന്നെ "അവർ അവനെയും കള്ളന്മാരെയും ക്രൂശിച്ചു" (ലൂക്കൊസ് 23:33). ആ ചുരുങ്ങിയ വാക്കിൽ അടങ്ങിയിരുന്നത്, പ്രാരംഭ വായനക്കാർക്കും ക്രൂശിക്കൽ കണ്ടിട്ടുള്ളവർക്കും മനസിലാകും. ക്രൂശ്തടികൾ താഴെ വെക്കും. പടയാളികളുടെ പരുപരുത്ത കൈകൾ കൊണ്ട് കുറ്റവാളികളെ നിർബ്ബന്ധിച്ച് താഴെ കിടത്തി അവരുടെ കൈകൾ നീട്ടി തടിയിൽ വെച്ച് പിടിച്ച് നീണ്ട ആണികൾ കൊണ്ട് ശിക്ഷ നടപ്പാക്കുന്നവർ കൈത്തണ്ടയിലടിക്കും.[42] ഏതാനും ആഞ്ഞടികൾകൊണ്ടാണ് വിറെക്കുന്ന മാംസത്തിലൂടെ ആണികൾ തടിയിലേക്ക് ആണ്ടിറങ്ങുന്നത്.[43] ഒരാൾ ആണി അടിക്കുമ്പോൾ, വേറൊരാൾ കൈതടിയിൽ ചേർത്തു പിടിക്കും. ഒരു കയ്യിൽ അടിച്ചിട്ട് മറ്റെ കയ്യിൽ അതുപോലെ ആവർത്തിക്കും. ഒരിക്കൽ കൈകൾ തടിയിൽ ഉറപ്പിച്ചുകഴിഞ്ഞാൽ ക്രൂശ്തടികൾ ഉയർത്തി സ്ഥിരമായ സ്തൂഭത്തിൽ നിർത്തും. ക്രൂശ്തടികൾ ഉയർത്തി നിർത്തിയാൽ

മുട്ടുകൾ വളച്ച് (അല്ലെങ്കിൽ കണങ്കാലുകൾ) നേരെയുള്ള തൂണിൽ ആണി അടിച്ചു നിർത്തും (ലൂക്കൊസ് 24:39, 40).[44]

പല വിധത്തിലുള്ള ക്രൂശുകൾ ഉപയോഗിച്ചിരുന്നു, ഇംഗ്ലീഷിൽ വലിയ അക്ഷരം ടി "T" ആകൃതിയിലും ലാറ്റിൻ മോഡൽ:✝[45] ക്രൂശും. താവു ക്രൂശിന്റെ കാര്യത്തിൽ, ക്രോസ് ആയി വരുന്ന തടി സ്ഥിരമായി നേരെ നിർത്തിയിരിക്കുന്ന തടിയിന്മേൽ അടിച്ച് നിർത്തും. ലാറ്റിൻ കുരിശ് ആണെങ്കിൽ, ക്രോസായി വരുന്ന തടി സ്ഥിരമായ തൂണിന്റെ മുൻപിൽ മകളിലെ അറ്റത്താണ് വരുന്നത്. "ക്രിസ്തുവിന്റെ കാലത്ത് പാലസ്തീനിലെ റോമാക്കാർ ഇഷ്ടപ്പെട്ടിരുന്നത് താവു ക്രോസ് ആയിരുന്നു," എന്നാൽ "ഭൂമിശാസ്ത്രപരമായ കിടപ്പനുസരിച്ച് വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തമായിട്ടായിരുന്നു ക്രൂശിക്കൽ."[46] ദൈവശ്വാസീയമല്ലാത്ത പാരമ്പര്യമനുസരിച്ച്, യേശുവിനെ ക്രൂശിച്ചത് ലാറ്റിൻ കുരിശിലായിരുന്നു. യേശുവിന്റെ തലക്കൽ ഒരു ബോർഡും വെച്ചിരുന്നതു (മത്തായി 27:37; ലൂക്കൊസ് 23:38; യോഹന്നാൻ 19:19 നോക്കുക) പാരമ്പര്യത്തെ പിന്താങ്ങുന്നു.

"ഒരാളെ ഇടത്തും മറ്റൊരാളെ വലത്തും ആയി [ര] ണ്ടു കള്ളന്മാരെ [യേശുവിനോടു] കൂടെ ക്രൂശിച്ചിരുന്നു" (മത്തായി 27:38; മർക്കൊസ് 15:27). "മശിഹ അകൃത്യക്കാരോടുകൂടെ എണ്ണപ്പെടും" എന്ന യെശയ്യാവിന്റെ പ്രവചനം ഇതിനാൽ നിറവേറി (യെശയ്യാവ് 53:12; ലൂക്കൊസ് 23:33; മർക്കൊസ് 15:28). യോഹന്നാൻ 18:40–ൽ ബറബ്ബാസിന് ഉപയോഗിച്ച വാക്കിന്റെ ബഹുവചനമാണ് മത്തായി 27:38–ൽ "കള്ളന്മാർ" എന്ന വാക്കിന് ഗ്രീക്കിൽ ഉപയോഗിച്ചത്. ആ വാക്കിൽ അക്രമം അടങ്ങിയിട്ടുണ്ട്.[47] ബറബ്ബാസ് ചെയ്ത അതേ രാജ്യദ്രോഹ കുറ്റം ആ "രണ്ടു കള്ളന്മാരും" ചെയ്തിരിക്കുവാൻ സാധ്യതയുണ്ട്. ജനക്കൂട്ടം "[യേശുവിനെ] ക്രൂശിക്ക, ബറബ്ബാസിനെ ഞങ്ങൾക്ക് വിട്ടുതരിക!" എന്ന് ആർത്തുവിളിക്കുന്നതുവരെ നടുവിലെ ക്രൂശ് ഏറ്റവും കുപ്രസിദ്ധ കുറ്റവാളി ആയിരുന്ന ബറബ്ബാസിനുവേണ്ടി സൂക്ഷിച്ചിരുന്നതാകാനും സാധ്യതയുണ്ട് (ലൂക്കൊസ് 23:18).

ആ മൂന്നു തടവുകാരേയും അവരുടെ ക്രൂശിൽ ഉറപ്പിച്ച ശേഷം, ശിക്ഷ നടത്തിപ്പുകാരന് അവസാനം ഒരു ജോലി കൂടെ ചെയ്യേണ്ടതായിട്ടുണ്ട്: അവരുടെ തലക്കൽ ബോർഡ് ഉറപ്പിക്കേണ്ടതായിട്ടുണ്ട്. ആ ബോർഡിൽ അവർ ചെയ്ത കുറ്റമാണ് എഴുതുന്നത് (മത്തായി 27:37; മർക്കൊസ് 15:26). യേശുവിന്റെ ക്രൂശിന്മേൽ എഴുതേണ്ടത് എന്തെന്ന് പിലാത്തൊസ് തന്നെ പറഞ്ഞു കൊടുത്തു: "ഇവൻ നസറായനായ യേശു എന്ന യെഹൂദന്മാരുടെ രാജാവ്."[48] ആ മേലെഴുത്ത് "എബ്രായ, ലാറ്റിൻ, ഗ്രീക്ക് എന്നീ ഭാഷകളിൽ" ആയിരുന്നു എഴുതിയത് (യോഹന്നാൻ 19:20).

യെഹൂദവിശ്വാസ ഭാഷ എബ്രായയായിരുന്നു, ലത്തീൻ റോമൻ നിയമ ഭാഷയും, ഗ്രീക്ക് സാധാരണ എല്ലാവരുടേയും സംസാരഭാഷയുമായിരുന്നു. എല്ലാവർക്കും എല്ലാമല്ലെങ്കിലും മിക്കപേർക്കെങ്കിലും ഏതെങ്കിലും ഒരു ഭാഷയെങ്കിലും വായിക്കുവാൻ കഴിഞ്ഞിരുന്നു.

മഹാപുരോഹിതന്മാർ തടസപ്പെടുത്തി, "അവർ പിലാത്തൊസിനോട് പറഞ്ഞു, 'അവൻ യെഹൂദന്മാരുടെ രാജാവ്' എന്നല്ല. 'ഞാൻ യെഹൂദന്മാരുടെ രാജാവ് എന്ന് *അവൻ പറഞ്ഞു*' എന്നത്രേ എഴുതേണ്ടത്." (യോഹന്നാൻ 19:21; എംഫസിസ് മൈൻ). എങ്ങനെയായാലും, മേലെഴുത്ത് മാറ്റുവാൻ നാടുവാഴി തയ്യാറായില്ല. അവൻ മറുപടി പറഞ്ഞു, "ഞാൻ എഴുതിയത് എഴുതി"

(യോഹന്നാൻ 19:22). അതൊരു ചെറിയ വിജയമാണെങ്കിലും, പിലാത്തൊസ് ഒരുപക്ഷെ അതിനെ നിലനിർത്തിയിരിക്കാം.

അതു പ്രഭാതത്തിനും മദ്ധ്യാഹ്നത്തിനും ഇടക്കായിരുന്നു (മർക്കൊസ് 15:25). മൂന്നു പുരുഷന്മാരെ റോമൻ കുരിശിലേറ്റി. ഗൊൽഗോഥയിൽ അവിടെയും ഇവിടെയും ആയി ചിതറിയിരുന്നവർ, റോമൻ പടയാളികളും, യെഹൂദപ്രമാണികളും, ആദരവില്ലാത്ത പുരുഷാരവും, വിരലിലെണ്ണാവുന്ന ക്രിസ്തുവിന്റെ അനുയായികളും ആയിരുന്നു (യോഹന്നാൻ 19:25). ആ രംഗത്തിൽ യേശുവിന്റെ ആറു മണിക്കൂർ നീണ്ട കഷ്ടതയും – അവന്റെ മരണവും ഉൾപ്പെടുന്നു.

ഈ പാഠത്തിന്റെ രണ്ടാം ഭാഗത്തിൽ നാം സംഭവത്തിന്റെ ചിലതു കൂടെ നോക്കുന്നതാണ്. നാം ഇത് അവസാനിപ്പിക്കുന്നതിനു മുൻപ്, ഞാൻ വീണ്ടും പറയുവാനാഗ്രഹിക്കുന്നത് – യൂദായുടെ മരണം ഒരു വിപത്ത് ആയിരുന്നു എങ്കിൽ – യേശുവിന്റെ മരണം ഒരു വിജയമായിതീർന്നു. ആദ്യം അതു വിജയമായി തോന്നിയില്ല, എന്നാൽ അതു ഒരു വിജയമായിരുന്നു കാരണം ...

- ദൈവേഷ്ടത്തിന് പൂർണ്ണമായി കീഴ്പ്പെട്ടുകൊണ്ടായിരുന്നു യേശു മരിച്ചത് (ലൂക്കൊസ് 22:42). ദൈവേഷ്ടം ചെയ്യുന്നവൻ ആരായാലും വിജയി ആണ് (വെളിപ്പാട് 2:7 നോക്കുക[50]).
- ദൈവം തന്നെ ഉയർപ്പിക്കുമെന്ന വിശ്വാസത്തോടെ, യേശു വിശ്വാസത്തിൽ മരിച്ചു. വിശ്വാസം – അന്നും ഇന്നും – ലോകത്തെ ജയിക്കുന്ന വിജയമാണ് (1 യയോഹന്നാൻ 5:4).
- കീഴ്പ്പെട്ടുകൊണ്ടുള്ള അവന്റെ മരണത്തിൽ, യേശു ദുഷ്ടശക്തികളെ തോൽപ്പിച്ചു (എബ്രായർ 2:14).
- ത്യാഗപൂർണ്ണമായ അവന്റെ മരണത്തിൽ, യേശു നമ്മുടെ പാപങ്ങളെ വഹിക്കുകയും – നമുക്ക് രക്ഷ സാധ്യമാക്കുകയും ചെയ്തു (യെശയ്യാവ് 53:4–6; 1 കൊരിന്ത്യർ 15:3; 2 കൊരിന്ത്യർ 5:21)!
- ക്രൂശിൽ, യേശു ചെയ്യുവാൻ വന്ന പ്രവൃത്തി ചെയ്തു (യോഹന്നാൻ 19:30).

**ഉപസംഹാരം**

നിരവധി ശവസംസ്ക്കാര ശുശ്രൂഷയിൽ ഞാൻ പ്രസംഗിക്കയും പലതിലും പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. അവയിൽ ചിലത് വിജയമായിരുന്നു; എന്നാൽ ഖേദമെന്നു പറയട്ടെ, ചിലത് വിപത്തുകളായിരുന്നു. നിങ്ങളുടേത് എങ്ങനെയുള്ളതായിരിക്കും? നിങ്ങളുടെ മരണം ഒരിക്കലും യൂദായുടെ വിപത്തുപോലെ ആകുകയില്ലായിരിക്കാം, തീർച്ചയായും യേശുവിന്റെ വിജയം പോലെയും ആകുകയില്ല. എങ്കിലും, "നീതിമാന്റെ മരണമാണോ" (സംഖ്യാപുസ്തകം 23:10) അല്ലെങ്കിൽ "ദുഷ്ടന്റെ മരണമോ" (യെഹെസ്ക്കേൽ 33:11) നിങ്ങൾ ഏത് തെരഞ്ഞെടുക്കുമെന്ന് ചിന്തിക്കുക. ഇപ്പോൾ നിങ്ങൾ ജീവിക്കുന്ന ജീവിതമാണ് ഏതു തരത്തിലുള്ള മരണമായിരിക്കും നിങ്ങൾക്കുണ്ടാകുക എന്ന് തീരുമാനിക്കുന്നത്. നിങ്ങളുടെ മരണം ഒരു വിജയമായിരിക്കുമോ അതോ വിപത്തായിരിക്കുമോ?

## പ്രസംഗക്കുറിപ്പുകൾ

രണ്ടു-ഭാഗങ്ങളുള്ള ഈ പാഠത്തിലെ ഭാഗങ്ങൾ നിങ്ങൾ വേറിട്ട് ഉപയോഗിക്കുകയാണെങ്കിൽ, ഈ അവതരണത്തിനു ശേഷം, മറ്റൊരു പ്രസംഗം പ്രസംഗിക്കേണ്ടി വരും.

### യൂദായെ കുറിച്ചുള്ള പ്രസംഗിക്കൽ

യൂദായുടെ സ്വഭാവ പഠനത്തിനാണ് ഒരു സാധ്യതയുള്ളത്. ഈ പഠനത്തിൽ, നാം യൂദായെ കുറിച്ചു പറഞ്ഞതെല്ലാം ശരിക്ക് വായിച്ച് മനസിലാക്കിയാൽ, ഒരു പ്രസംഗത്തിന് ആവശ്യമുള്ളതിനേക്കാൾ കൂടുതൽ കാര്യങ്ങൾ നിങ്ങൾക്ക് ലഭിക്കും. തെരഞ്ഞെടുക്കാവുന്ന മറ്റൊന്ന്, യൂദായുടെ ഒറ്റിക്കൊടുക്കലും പത്രൊസിന്റെ തള്ളിപ്പറയലും തമ്മിലുള്ള വ്യത്യാസം കണ്ടെത്തി, മാനസാന്തരവും ദുഃഖവും തമ്മിലുള്ള വ്യത്യാസത്തിലെ ഊന്നലാണ്.

യൂദാ പറഞ്ഞ മൂന്നു വാക്കുകൾ ഉപയോഗിച്ച് മാനസാന്തരത്തെ കുറിച്ച് ഒരു പാഠം തയ്യാറാക്കാവുന്നതാണ്: "ഞാൻ പാപം ചെയ്തു" (മത്തായി 27:4 നോക്കുക). വിരലിലെണ്ണാവുന്ന കുറെ ആളുകൾ മാത്രമാണ് ബൈബിളിൽ പാപങ്ങൾ ഏറ്റു പറഞ്ഞിട്ടുള്ളത്. "ഞാൻ പാപം ചെയ്തു" എന്നു പറഞ്ഞവരിൽ ഫറവോനും (പുറപ്പാട് 9:27; 10:16), ബിലെയാമും (സംഖ്യാപുസ്തകം 22:34), ആഖാനും (യോശുവ 7:20), ശൗൽ രാജാവും (1 ശമുവേൽ 15:24, 30; 26:21), യൂദായും ഉൾപ്പെടുന്നു (മത്തായി 27:4). ഈ ചോദ്യം ചെയ്യാവുന്ന ആളുകളുടെ വ്യത്യാസത്തോടുകൂടി. ദാവീദ് പറഞ്ഞ വാക്കുകളും (2 ശമുവേൽ 12:13; 24:10) മുടിയനായ പുത്രന്റെ വാക്കുകളും എടുത്തു കാണിക്കാം (ലൂക്കൊസ് 15:21). മുൻപ് ഏറ്റുപറഞ്ഞവരുടെ ഏറ്റുപറച്ചൽ സ്വീകരിക്കാതെയും രണ്ടാമതു പറഞ്ഞവരുടേത് സ്വീകരിക്കുവാനും ഉള്ള കാരണത്തിന് ഊന്നൽ കൊടുക്കുക.

### ക്രൂശിനെ കുറിച്ച് പ്രസംഗിക്കൽ

ക്രൂശീകരിക്കലിനെ കുറിച്ചുള്ള നമ്മുടെ പഠനം പൂർത്തിയാക്കിയില്ലെങ്കിലും, യേശുവിന്റെ മരണത്തെ കുറിച്ച് ഒരു പൊതുവായ പ്രസംഗം വേറെ നടത്തുവാനുള്ള സാധ്യതയുണ്ട്. ഈ അവതരണത്തിന്റെ മുഖവുരയിൽ സൂചിപ്പിച്ചതുപോലെ, ക്രൂശിനെ കുറിച്ച് പ്രസംഗിക്കുവാനുള്ള വസ്തുതകൾക്ക് ഒരു ക്ഷാമവുമില്ല. "അവർ അവനെ അവിടെ ക്രൂശിച്ചു" എന്നതായിരുന്നു ഞാൻ ഒരു യുവപ്രാസംഗികനായിരുന്നപ്പോൾ എനിക്ക് ഇഷ്ടപ്പെട്ട വിഷയം.[51] വർഷങ്ങളായി, ഒരുപക്ഷെ മറ്റു വിഷയങ്ങളേക്കാൾ ഏറ്റവും അധികം ഞാൻ പ്രസംഗിക്കയും, പഠിപ്പിക്കയും, എഴുതുകയും ചെയ്തിട്ടുള്ള വിഷയം യേശുവിന്റെ മരണം എന്നതായിരിക്കും. ഞാൻ എഴുതിയിട്ടുള്ള പുസ്തകങ്ങളിൽ ആദ്യത്തേത് *ക്രൂശിക്കപ്പെട്ട ക്രിസ്തു* എന്നതായിരുന്നു.[52] "ക്രശിക്കപ്പെട്ടവനായ യേശുക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു" എന്ന് പൗലൊസ് 1 കൊരിന്ത്യർ 2:2-ൽ പറഞ്ഞ വാക്കുകളിൽ നിന്നാണ് ആ തലവാചകം ഞാൻ എടുത്തത്. അവതരണ (ങ്ങൾ) ക്ക് മുൻപ് ലൂക്കൊസ് 23:26-56 വരെ ആ ആഴ്ച്ച (കളിൽ) ദിവസം രണ്ടു പ്രാവശ്യമെങ്കിലും വായിച്ചുകൊണ്ടുവേണം ക്രൂശിനെ കുറിച്ചുള്ള പാഠങ്ങൾ തയ്യാറാക്കുവാൻ.

കുറിപ്പുകൾ

[1]യേശു രക്ഷിതാവായിരിക്കും എന്നു സൂചിപ്പിക്കുന്ന വാക്യങ്ങളാണ് നൽകിയിട്ടുള്ള പലതും. ഉദാഹരണത്തിന് "യേശു" എന്നാൽ "യഹോവ രക്ഷിക്കുന്നു" എന്നാണർത്ഥം, എന്നാൽ യേശു രക്ഷിക്കുന്നത് തന്റെ മരണം മുഖാന്തരമാണ് (റോമർ 5:10). [2]വർഷങ്ങളോളം ഉള്ള പരിശ്രമം എങ്ങനെ ചിലപ്പോൾ എതാനും മണിക്കൂറുകളിലോ, അല്ലെങ്കിൽ മിനിട്ടുകളിലോ, അതുമല്ലെങ്കിൽ സെക്കന്റുകളിലോ ഉച്ചസ്ഥായിയിലെത്തുന്ന് നിങ്ങൾക്ക് വേണമെങ്കിൽ ചിത്രീകരിക്കാം, ഒളിമ്പിക് ഗയിംസിന് വേണ്ടി തയ്യാറെടുക്കുന്നവരെ കുറിച്ച് ചിന്തിക്കുക, വർഷങ്ങളായി അവർ പരിശീലിച്ചുകൊണ്ടിരുന്നത് ഏതാനും മിനിട്ടുകളിലോ, സെക്കന്റുകളിലോ അവസാനിക്കും. [3]നാല്പതു–ആഴ്ച്ചകൊണ്ട് അവസാനിപ്പിക്കണമെന്നുണ്ടെങ്കിൽ ഈ രണ്ടു–ഭാഗങ്ങൾ യോജിപ്പിച്ച് ഒതുക്കണം. സമയം പ്രശ്നമല്ലെങ്കിൽ, നിങ്ങൾക്ക് എല്ലാം കൂടെ രണ്ട് തുടർച്ചയായ ക്ലാസുകളിൽ എടുത്തു തീർക്കാവുന്നതാണ്. [4]നാം കഴിഞ്ഞ പാഠത്തിൽ ശ്രദ്ധിച്ചതുപോലെ, ഈ തയ്യാറെടുപ്പുകൾക്ക് മണിക്കൂറുകൾ വേണ്ടി വരും. [5]മഹാപുരോഹിതന്മാർ പിന്നീട് ഗൊൽഗോഥയിലേക്ക് പോയി (മത്തായി 27:41). ഒന്നോ രണ്ടോ മണിക്കുർ നേരത്തേക്ക് അവർ ദൈവാലയത്തിലേക്ക് മടങ്ങി വന്നു എങ്കിൽ, അതിനു ശേഷം അവർ ശിക്ഷ നടപ്പാക്കുന്ന സ്ഥലത്തേക്ക് പോയി. [6]യൂദായുടെ വിചാരം എന്തായിരുന്നു എന്ന് നമുക്ക് അറിയില്ല. മറ്റു സാധ്യതകൾ പറഞ്ഞിട്ടുണ്ട്. [7]അവരുടെ നിരസിക്കൽ വാക്യം 4 ലും 5 ലും അടങ്ങിയിട്ടുണ്ട്. [8]സ്പഷ്ടമായും, യൂദാ കുശവന്റെ നിലത്തിൽ പോയി കെട്ടി ഞാന്നു ചത്തുകളകയും പിന്നീട് മഹാപുരോഹിതന്മാർ കുശവന്റെ നിലം വാങ്ങുകയും ചെയ്തു (അതു ഈ പാഠത്തിൽ പിന്നീട് പ്രതിപാദിക്കുന്നുണ്ട്). പാരമ്പര്യമായി അതു സ്ഥിതി ചെയ്തിരുന്നത് യെരുശലേമിന് തെക്കു ഹിന്നോം താഴ്വരയുടെ കിഴക്കെ അറ്റത്തായിരുന്നു എന്നു നാലാം നൂറ്റാണ്ടു മുതൽ നിർണ്ണയിച്ചിരിക്കുന്നു. ഈ പുസ്തകത്തിൽ വരുന്ന "യെരുശലേം നഗരം (യേശുവിന്റെ അവസാന മണിക്കൂറുകളിലെ വഴികളും") എന്ന ഭൂപടം നോക്കുക. [9]ജെ. ഡബ്ല്യു. മെക്ഗാർവേ ആന്റ് ഫിലിപ് വൈ.പെൻലെറ്റൺ. ദ *ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* (സിൻസിനാറ്റി.:സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914), 721. [10]കുശവൻ ആ നിലത്തുനിന്ന് കളിമണ്ണ് എടുക്കുകയോ എടുക്കാതിരിക്കയോ ചെയ്തേക്കാവുന്ന വെറും ഒരു നിലമായിരുന്നു അതെന്ന് ചിലർ കരുതുന്നു. വേറെ ചിലർ വിചാരിക്കുന്നത് നിലം കുശവന്റേതായതുകൊണ്ട് അതിനെ "കുശവന്റെ നിലം" എന്ന് വിളിക്കുന്നു, വാസ്തവത്തിൽ ഉള്ള കുശവനുമായി എന്തെങ്കിലും ബന്ധം ഉണ്ടാകണമെന്നില്ല എന്നാണ്.

[11]അമേരിക്കയിൽ മൃതശരീരം അടക്കം ചെയ്യുവാൻ ബന്ധുക്കൾ ആരുമില്ലാത്തവരുടെ മൃതശരീരങ്ങളെ ഗവൺമെന്റ് അടക്കുന്ന സ്ഥലത്തിന് അമേരിക്കയിൽ "കുശവന്റെ നിലം" എന്ന് പറയും. [12]ക്രിസ്തുവിന്റെ ജീവിതം, 1 ലെ "മത്തായിയുടെ പുസ്തകം (ക്രിസ്തു എന്ന രാജാവ്)" എന്ന പാഠം നോക്കുക. [13]ക്രിസ്തുവിന്റെ ജീവിതം, 1 ലെ "മത്തായിയുടെ പുസ്തകം (ക്രിസ്തു എന്ന രാജാവ്)" എന്ന പാഠം നോക്കുക. [14]ബാബേൽ പ്രവാസത്തിന് മുൻപായിരുന്നു യിരെമ്യാവിന്റെ വാക്കുകൾ, എന്നാൽ സെഖര്യാവിന്റെ വാക്കുകൾ അതിന് ശേഷമായിരുന്നു. എങ്ങനെയായാലും, യിരെമ്യാവ് സംസാരിച്ചതും എഴുതാത്തതുമായ വാക്കുകളായിരിക്കാം കൈമാറി കിട്ടിയത് – അല്ലെങ്കിൽ ഒരുപക്ഷെ സെഖര്യാവിനോട് പരിശുദ്ധാത്മാവ് ധരിപ്പിച്ചതുമായിരിക്കാം. [15]മറ്റു സാധ്യതകളും പറയുവാൻ കഴിയും. പ്രാരംഭത്തിൽ പകർത്തി എഴുതിയവർ "സെഖര്യാവ്" എന്നതിന് പകരം "യിരെമ്യാവ്" എന്നെഴുതിയതാണെന്നാണ് മെക്ഗാർവേ വിചാരിച്ചത്. എബ്രായഭാഷയിൽ അതിന് രണ്ട് അക്ഷരങ്ങളാണ് ആവശ്യം (മെക്ഗാർവേ ആന്റ് പെൻലെ

റ്റൺ, 721–22). [16]എങ്ങനെ ആ നിലം മുപ്പതു വെള്ളിക്കാശിന് മേടിക്കുവാൻ കഴിഞ്ഞു എന്ന് നോക്കിയാൽ, ആ സ്ഥലത്തിന്റെ വിലക്കുറവു മനസിലാകും. [17]ഒരു ശിഷ്യൻ എന്ന നിലയിൽ അവന്റെ കഴിവുകൾ വെച്ചുകൊണ്ടാണ് അല്ലാതെ രാജ്യദ്രോഹത്തിനുള്ള അവന്റെ കഴിവ് വെച്ചുകൊണ്ടല്ല അവനെ തെരഞ്ഞെടുത്ത്. [18]യൂദാക്ക് "അയ്യോ കഷ്ടം" എന്ന് പറഞ്ഞുവല്ലോ എന്ന് ആരെങ്കിലും തടസം പറഞ്ഞാൽ, ദൈവത്തിന്റെ ന്യായവിധി പ്രഖ്യാപനം വാസ്തവത്തിലുള്ള മാനസാന്തരം കൊണ്ട് മാറുമെന്ന് ഞാൻ ഓർപ്പിക്കുന്നു ഉദാഹരണമായി യോനയുടെ കാലത്ത് ദൈവം നിനവെ പട്ടണത്തെ നശിപ്പിക്കുമെന്ന് പ്രഖ്യാപിച്ചു (യോനാ 3:4): പക്ഷെ അവർ മാനസാന്തരപ്പെട്ടതുകൊണ്ട് ദൈവം അതു റദ്ദ് ചെയതു (യോനാ 3:5–10). [19]"ആൾട്ടർ" (*മെറ്റ*) എന്നതും "തോട്ട്" (*നീമാ*) എന്നതും ചേർന്നുള്ള ഗ്രീക്ക് വാക്കാണ് തർജിമ ചെയ്തിരിക്കുന്നത്, അക്ഷരികമായി അർത്ഥമാക്കുന്നത് "ആഫ്റ്റർ–തോട്ട്" സൂചിപ്പിക്കുന്നത് ഒരാളുടെ വിചാരത്തിലുള്ള മാറ്റമാണ്. മാനസാന്തരം എന്നതു "മനസിന്റെ മാറ്റമാണ്." (മത്തായി 21:29; എബ്രായർ 12:17) തൽഫലമായി ജീവിതത്തിലും മാറ്റമുണ്ടാകുന്നു (പ്രവൃത്തികൾ 26:20). "പാപത്തെ കുറിച്ചുള്ള മനസിന്റെ മാറ്റമാണ്" പൊതുവിൽ മാനസാന്തരം – പാപം ചെയ്യുന്നത് നിർത്തുവാനുള്ള തീരുമാനം/അല്ലെങ്കിൽ പ്രത്യേകമായി ചെയ്തുകൊണ്ടിരുന്ന ഒരു പാപം നിർത്തുക. ദൈവവിഷയമായി ദുഃഖിക്കുന്നതിന്റെ ഫലമായുണ്ടാകുന്നതാണ് മാനസാന്തരം (2 കൊരിന്ത്യർ 7:10 നോക്കുക: "*ദൈവഹിതപ്രകാരമുള്ള* ... ദുഃഖം" ["ദൈവഭക്തിയോടു കൂടിയ ദുഃഖം"; കെജെവി] അതു ലോകത്തിന്റെ ദുഃഖത്തിന് എതിരാണ്, അതു പാപത്തിന്റെ *അനന്തരഫലത്തെ* ഓർത്തുള്ള ദുഃഖമാണ്.) [20]"ടു കെയർ" എന്നതിനും "ആഫ്ടർ" എന്നതിനും വേണ്ടിയുള്ള സംയുക്തഗ്രീക്ക് വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരു സംഭവത്തിനു "ശേഷമുള്ള" വിചാരത്തെ അല്ലെങ്കിൽ "ശ്രദ്ധയെ" യാണ് സൂചിപ്പിക്കുന്നത്.

[21]2 കൊരിന്ത്യർ 7:10 ലെ രണ്ടു "ദുഃഖങ്ങൾ" താരതമ്യം ചെയ്യുക. [22]ഹുഗോ മെക്കോർഡ്. മെക്കോർഡ്സ് *ന്യൂടെസ്റ്റമെന്റ് ട്രാൻസ്ലേഷൻ ഓഫ് ദ എവർലാസ്റ്റിങ്ങ് ഗോസ്പെൽ* (ഹെന്റർസൺ, ടെൻ.:ഫ്രീഡ്–ഹാർഡ്മാൻ യൂണിവേഴ്സിറ്റി, 1988),40. [23]ആബ്ലിഫൈഡ് ബൈബിളിൽ മെറ്റാമെലോമായി എന്ന വാക്ക് വിപുലീകരിച്ചിരിക്കുന്നത് പല ഗ്രീക്ക് വാക്ക്–പഠന പുസ്തകങ്ങളിൽ നിന്നാണ്, അതിൽ മാർവിൻ ആർ. റിച്ചാർഡ് സി. ട്രെഞ്ചിന്റേതും ഉൾപ്പെടുന്നു. [24]ആത്മഹത്യയെ കുറിച്ച് പഠനം നടത്തിയിട്ടുള്ളവർ പറയുന്നത്, അതു മാത്രമാണ് അവരുടെ മുന്നിലുള്ള പോംവഴി എന്നു കരുതുന്നവരാണ് ആത്മ–ഹത്യ ചെയ്യുന്ന പലരും എന്നാണ്. കരുണാ സമ്പനായ ദൈവത്തെ ആശ്രയിക്കുന്നവർ തെരഞ്ഞെടുക്കുവാൻ മറ്റൊന്ന് കണ്ടെത്തും: പാപങ്ങൾ ദൈവത്തോടു ഏറ്റുപറഞ്ഞ് ക്ഷമാണത്തിനായി യാചിച്ച് വീണ്ടു പുതുതായി തുടങ്ങും. [25]ഉദ്യോഗസ്ഥന്മാർ നടത്തിയ വിചാരണകളുടെ വിവരം എഴുതി റോമിലേക്ക് അയക്കേണ്ടിയിരുന്നു. [26]ശിക്ഷ നടപ്പാക്കുന്ന സ്ഥലത്തെത്തുവാൻ സമയം എടുക്കാറുണ്ട്. യേശുവിനെ ക്രൂശിൽ തറച്ചത് രാവിലെ 9.00 മണിക്കാണ് (മർക്കൊസ് 15:25). [27]നഗരത്തിന്റെ വടക്കുഭാഗത്താകാം ഗൊൽഗോഥാ സ്ഥിതി ചെയ്തിരുന്നത്, ഈ പാഠത്തിൽ പിന്നീട് വരുന്നതായ ചർച്ച നോക്കുക. [28]വില്യം ഡി.എഡ്വേർഡ്സ്, വെസ്ലി. ജെ. ഗാബെൽ, ആന്റ് ഫ്ലോയിഡ് ഇ. ഹോസ്മെർ, "ഓൺ ദ ഫിസിക്കൽ ഡെത്ത് ഓഫ് ജീസസ് ക്രൈസ്റ്റ്," ജേണൽ ഓഫ് ദ അമേരിക്കൻ മെഡിക്കൽ അസോസിയേഷൻ (21 മാർച്ച് 1986), 1459. [29]അവന് ശക്തമായ ഒരു ശരീരം ഉണ്ടായിരുന്നു – വിറങ്ങലിച്ച് പാലസ്തീനിൽകൂടെ നടന്നുപോയത് അതിന്റെ തെളിവാണ് – എന്നാൽ നമ്മെ പോലെ ജഡിക ബലഹീനതയുള്ളവനായിരുന്നു. (യോഹന്നാൻ 1:14; എബ്രായർ 4:15 നോക്കുക). [30]റോമൻ നിയമമനുസരിച്ച്, പടയാളികളെ സഹായിക്കുവാൻ അവർക്ക് പൗരന്മാരെ നിർബ്ബന്ധിക്കാമായിരുന്നു (മത്തായി

5:41 നോക്കുക).

[31]യേശു ക്രൂശിലേക്ക് നടന്ന പാരമ്പര്യമായ ഒരു വഴിയുണ്ട് (ഡോലോറസ വഴി), എന്നാൽ ഏതാണ് ശരിയായ മാർഗം എന്ന് നമുക്ക് അറിയില്ല. സാധാരണ റോമൻ പട യാളികൾ കുറ്റവാളികളെ ശിക്ഷിക്കുവാൻ കൊണ്ടുപോകുന്നത് വളഞ്ഞ വഴിയിൽകൂടെയായിരിക്കും – റോമിനെതിരെ തിരിഞ്ഞാൽ ഇതായിരിക്കും ഫലം എന്ന് കാണിക്കുന്നതിനുവേണ്ടിയാണത്. [32]ഈ സ്ത്രീകൾ യേശുവിനെ ഗലീലയിൽനിന്ന് പിൻപറ്റിയവരായിരുന്നില്ല (മത്തായി 27:55), എന്നാൽ അവർ യെരുശലേം നിവാസികളായിരുന്നു. അവർ വെറുതെ നിരപരാധിയെ ശിക്ഷിക്കുന്നതിലെ വ്യഥയുണ്ടായിരുന്നവരോ അതോ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായിരുന്നോ എന്ന് നമുക്ക് അറിയില്ല. [33]മക്കൾ ഉള്ളവർ ദൈവത്താൽ അനുഗ്രഹിക്കപ്പെട്ടവരാണ് എന്നതാണ് *നിയമം* (സങ്കീർത്തനങ്ങൾ 127:3), എന്നാൽ യേശു ഒരു *ഒഴികഴിവാണ്* സംസാരിച്ചത്. [34]നിങ്ങൾക്ക് വേണമെങ്കിൽ ഈ ചിത്രീകരണം വിപുലീകരിക്കാം. ഒരു പച്ചമരക്കൊമ്പിനെ ഇല്ലാതാക്കുവാൻ തീക്ക് കഴിയുമെങ്കിൽ, ഉണങ്ങിയ മരക്കൊമ്പിനെ,എത്ര എളുപ്പത്തിൽ തീ നശിപ്പിക്കുമെന്നോർക്കുക. [35]"സ്കൾ" എന്നതിനുള്ള ഗ്രീക്ക് വാക്ക് *ക്രേനിയൻ* എന്നാണ്. ഡോക്ടർമാർ തലയോട്ടിക്ക് ഉപയോഗിക്കുന്ന വാക്ക് ക്രേനിയം എന്നാണ്. [36]"കാൽവരി" (ലാറ്റിൻ വൾഗേറ്റിൽ നിന്നു) ഒരിക്കൽ മാത്രമാണ് കെജെവിയിൽ ഉപയോഗിച്ചിരിക്കുന്നത്, അത് ആധുനിക തർജിമകളിലൊന്നും കാണാത്തതുമാകുന്നു. എന്നിരുന്നാലും, അനേകം ആളുകൾക്ക് യേശുവിനെ ക്രൂശിൽ തറെച്ച സ്ഥലത്തിന് "ഡെസിഗ്നേഷൻ ഓഫ് ചോയ്സ് ആണ്." [37]ലൗകിക ചരിത്രമനുസിരിച്ച്, സാധാരണ പതിവ് സ്തൂപതടി (ദ സ്റ്റൈപ്പ്സ്) സ്ഥിരമായി തറയിൽ ഉറപ്പിക്കും ക്രോസിലുള്ള തടികൾ (*പാറ്റിബുലം*) തടവുകാർ ക്രൂശിക്കപ്പെടുന്ന സ്ഥലത്തേക്ക് ചുമന്നുകൊണ്ടുപോകും. [38]ഗോർഡൻ, ആ സ്ഥലം, അല്ല എന്നു പറയുവാൻ കാരണം, അയാളുടെ കാലത്ത് അത് നഗരവാതിലിനകത്തായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ കാലത്ത് അതേ സ്ഥലം നഗരവാതിലിന്ന് പുറത്തു സ്ഥിതി ചെയ്തിരുന്നു എന്ന് അയാൾ അറിഞ്ഞിരുന്നില്ല. ജോൺ മെകറേയുടെ ആർക്കിയോളജി ആന്റ് ദ ന്യൂ ടെസ്റ്റമെന്റിൽ ആ രണ്ടു സ്ഥലങ്ങളും ഉണ്ടായിരുന്നതായി തെളിഞ്ഞിട്ടുണ്ട് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ബേക്കർ ബുക്ക് ഹൗസ്, 1991), 206–17. [39]"ദ ഹിൽ ഓഫ് കാൽവരി" എന്ന പ്രയോഗം, ബൈബിളിൽ ഗൊൽഗോഥ മലയിലായാണെന്ന് പറയുന്നില്ലെങ്കുലും പലപ്പോഴും ഉപയോഗിച്ചു വരുന്നുണ്ട്. യേശു ഗോർഡൻസ് കാൽവരിയിലാണ് മരിച്ചതെന്ന കാഴ്ച്ചപ്പാടിലാണ് ആ പദപ്രയോാാഗം വന്നത്. [40]പടയാളികൾ യേശുവിന്റെ വസ്ത്രം പകുത്തെടുത്തു (മത്തായി 27:35). ലൗകിക ചരിത്രം അതിനെ ഉറപ്പിക്കുയും സങ്കീർത്തനങ്ങൾ 22:18 ന്റെ അവസാന വരി സ്ഥിരീകരിക്കയും ചെയ്യുന്നു.

[41]ആ പാനിയം കരുതലുള്ള സ്ത്രീകൾ ഉണ്ടാക്കി കൊടുക്കുന്നതാണെന്നും യെഹൂദന്മാർക്ക് ആനുകൂല്യമായി കൊടുത്തിരുന്നതുമാണെന്ന് ചിലർ കരുതുന്നു. ചമർപ്പുള്ള ആ വീഞ്ഞിൽ കണ്ടിവെണ്ണ കലർത്തിയിരുന്നു എന്നു മത്തായി പരഞ്ഞു, എന്നാൽ മർക്കൊസ് പറയുന്നത് അതിൽ മിർച്ച് കലർത്തിയിരുന്നു എന്നാണ്. ആ പാനിയത്തിൽ ഒരുപക്ഷെ കയ്പുള്ള ഇതു രണ്ടും കലർത്തിയിരിക്കാം. മിർച്ച് നമ്മുടെ പഠനത്തിൽ മുൻപ് ഉപയോഗിച്ചിട്ടുണ്ട് – വിദ്വാന്മാരുടെ വഴിപാടുകളിലുണ്ടായിരുന്നതാണ് (മത്തായി 2:11) യേശുവിന്റെ മൃതശരീരത്തിൽ സുഗന്ധവർഗം വെക്കുന്നതിലുമുണ്ടായിരുന്നു (യോഹന്നാൻ 19:39). *അതിനുപുറമെ* മിർച്ച് ചില മരുന്നുകളിൽ ഉപയോഗിക്കുന്നുണ്ട്. [42]ശിക്ഷ നടപ്പാക്കുന്നതാരെന്ന് വേദഭാഗത്തിൽ വ്യക്തമാക്കിയിട്ടില്ല. കുരിശിൽ കുറ്റവാളികളെ ആണി അടിക്കുന്നതിന് പ്രാവീണ്യം ആവശ്യമാണ്: അതു ശരിയായി ചെയ്തില്ലെങ്കിൽ, ആണിയുടെ കുട കീറി ശരീരത്തിന്റെ ഭാരം കൊണ്ടു പുറത്തേക്കു വരുവാനും സാധ്യതയുണ്ട്. അവ വിശദമായി ചെയ്യുവാൻ ആ പടയാളികളിൽ ഒരാളെയായിരിക്കും നിയോഗിക്കുക (യോഹന്നാൻ

19:23 നോക്കുക). [43]ലഭ്യമായ ഭൂഗർഭ ഗവേഷണഫലം സൂചിപ്പിക്കുന്നത് "സാധാരണ ആണി അടിക്കുന്നത് പാദങ്ങൾക്ക് പകരം കൈത്തണ്ടയിലാണ്" (എഡ്വേർഡ്സ്, ഗാബേൽ ആന്റ് ഹോസ്മെർ, 1459). യേശുവിന്റെ "കൈകളിൽ " ആണിപ്പാടുണ്ടായിരുന്നതായി പുതിയനിയമം സൂചിപ്പിക്കന്നു (യോഹന്നാൻ 20:25, 27; ലൂക്കൊസ് 24:39, 40), എന്നാൽ "പുരാതന ചിന്തകളനുസരിച്ച് കൈത്തണ്ട കയ്യുടെ ഭാഗമാണ്." (എഡ്വേർഡ്സ്, ഗാബേൽ ആന്റ് ഹോസ്മെർ, 1462). [44]മുട്ടുകളുടെ സ്ഥാനത്തെ കുറിച്ചും, ചെറിയ മരക്കഷണങ്ങളുടെ താങ്ങും – കയർകൊണ്ടു കെട്ടിനിർത്തുന്നതും മറ്റുമാണ് അവ – പക്ഷെ ബൈബിൾ അത്തരം സൂചനകളൊന്നും നൽകുന്നില്ല. [45]X ആകൃതിയിലുള്ള കുരിശ് ഉപയോഗിച്ചിരുന്നു എന്നതാണ് മറ്റൊരു രീതി പറയുന്നത്. X ആകൃതിയുള്ള കുരിശാണെങ്കിൽ തലമേൽ ബോർഡ് വെക്കുവാൻ കഴിയുകയില്ല. യേശുവിനെ ക്രൂശിച്ചത് അത്തരം കുരിശിലായിരുന്നില്ല എന്നു നമുക്ക് അറിയാം. [46]എഡ്വേർഡ്സ്, ഗാബെൽ ആന്റ് ഹോസ്മെർ, 1458. [47]ആ വാക്കിൽ നിർബ്ബന്ധിച്ചു പിടിച്ചു പറിക്കലാണ് അടങ്ങിയിരിക്കുന്നത്, അത് "തീഫ്" എന്നതിനുള്ള ഗ്രീക്ക് വാക്കിന് എതിരാണ്; *ക്ലെപ്റ്റസ്* എന്നതിൽനിന്നാണ് നമുക്ക് "ക്ലെപ്റ്റോമാനിയാക്" എന്ന വാക്ക് ലഭിച്ചത് (ഡബ്ലിയു. ഇ. വൈൻ, ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യു ടെസ്റ്റമെന്റ് വേർഡ്സ്, എഡി. ജോൺ ആർ. കോലെൻബെർജർ Ill. വിത്ത് ജെയിംസ് എ.സ്വാൻസം [മിന്നെപ്പൊലിസ്: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984], 973). [48]നാലു സുവിശേഷവിവരണങ്ങളിൽനിന്നു യോജിപ്പിച്ചെടുത്തതാണ് മുഴുവൻ മേലെഴുത്ത് (മത്തായി 27:37; മർക്കൊസ് 15:26; ലൂക്കൊസ് 23:38; യോഹന്നാൻ 19:19). [49]അവർ ക്രൂശിനടുത്തും പിലാത്തൊസ് ദൂരെയും ആയിരിക്കയാൽ അവർ വിവരം എത്തിക്കയും അവൻ മറുപടി കൊടുത്തയക്കയും ചെയ്തിരിക്കാം. സംഭവം ക്രൂശിൽ തറെക്കുന്നതിന് മുൻപാണ് പറഞ്ഞിരിക്കുന്നതെങ്കിലും, ഒരു പക്ഷെ പിലാത്തൊസിന്റെ ഹാളിൽ വെച്ച് ആ ബോർഡ് ആദ്യം കണ്ടപ്പോൾ പറഞ്ഞിരിക്കുവാനും സാധ്യതയുണ്ട്. [50]വെളിപ്പാട് 2:7 ലെ "ഓവർകംസ്" എന്ന വാക്ക് "വിക്ടറി" എന്നതിനുള്ള ഗ്രീക്ക് വാക്കിന്റെ ക്രിയാരൂപമാണ്.

[51]ഡേവിഡ് റോപ്പർ, "ദ ഡേ ക്രൈസ്റ്റ് കെയിം (*വീണ്ടും*)" *ആന്റ് അദർ സെർമൺസ്* (ഡള്ളാസ:ക്രിസ്റ്റ്യൻ പബ്ലിഷിങ്ങ് കമ്പനി., എൻ. ഡി), 15–28. പ്രസംഗത്തിന്റെ ചുരുക്കം ഈ പുസ്തകത്തിലുള്ളതു നോക്കുക. [52]ഡേവിഡ് റോപ്പർ, ജീസസ് ക്രൈസ്റ്റ് ആന്റ് ഹിം ക്രൂസിഫൈഡ് (അർവാഡാ കോളോ.:ക്രിസ്ത്യൻ കമ്മ്യൂണിക്കേഷൻസ്), 1976.